KSFESA C I T U

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 180/71, Kottappuram Road, Thrissur - 4**
**(Affiliated to C.I.T.U.R. No.K.1128)**
**E-mail : ksfesacitusc@gmail.com Web : www.ksfesa.com**

**President**
**Elamaram Kareem**
**Mob : 9400307786**

**General Secretary**
**S.Muraleekrishnapillai**
**Mob : 9446538432**

## സർക്കുലർ 15/2021

സഖാക്കളേ,

നമ്മുടെ സംഘടനയുടെ സംസ്ഥാന ഭാരവാഹി യോഗം 14/09/2021 (ചൊവ്വാഴ്ച) രാവിലെ 10.00 മണിക്കും സംസ്ഥാന കമ്മിറ്റി യോഗം ഉച്ചയ്ക്ക് 12.00 മണിക്കും CITU സംസ്ഥാന കമ്മിറ്റി ഓഫീസിൽ (തിരുവനന്തപുരം) വച്ച് ചേർന്നു. സംസ്ഥാന പ്രസിഡന്റ് **സ.എളമരം കരീം MP** പങ്കെടുത്തു. പ്രസിഡന്റ് രാഷ്ട്രീയ റിപ്പോർട്ടും ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു.

അടിയന്തിരാവസ്ഥ കാലഘട്ടത്തിലടക്കം സ്റ്റാഫ് അസോസിയേഷനെ ധീരമായി നയിച്ച സ.എ.സുകുമാരൻനായരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

ഹരിയാനയിൽ പോലീസ് നരനായാട്ടിൽ രക്തസാക്ഷിയായ കർഷകൻ സുശീൽ കാജൽ, CITU സംസ്ഥാന സെക്രട്ടറി സ.കാട്ടാക്കട ശശി, താലിബാൻ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ഫോട്ടോ ഗ്രാഫർ ഡാനിഷ് സിദ്ധിഖ്, ഭരണകൂട ഭീകരതയ്ക്കിരയായ മനുഷ്യാവകാശ പ്രവർത്തകൻ ഫാ.സ്റ്റാൻസ്വാമി, വൈദ്യകുലപതി ശ്രീ.പി.കെ.വാര്യർ എന്നിവരുടെയും കോവിഡ് രോഗം മൂലം മരണപ്പെട്ടവരുടെ അകാലനിര്യാണത്തിലും യോഗം അനുശോചനം രേഖപ്പെടുത്തി.

രാഷ്ട്രീയ റിപ്പോർട്ടിന്റെയും പ്രവർത്തന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായ ചർച്ച നടന്നു. തുടർന്ന് താഴെ കൊടുക്കുന്ന തീരുമാനങ്ങൾ എടുത്തു.

## <u>പ്രധാന തീരുമാനങ്ങൾ</u>

**1. സെപ്റ്റംബർ 27 ന്റെ ഭാരത് ബന്ദിന് ഐക്യദാർഢ്യം**

രാജ്യത്തെ ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനും കാർഷികോൽപ്പന്നങ്ങൾക്ക് മിനിമം താങ്ങുവില ലഭ്യമാക്കുന്നതിനും കൃഷിഭൂമികൾ കുത്തകകൾക്ക് കൈമാറുന്നതിന് എതിരായും രണ്ടു വർഷക്കാലമായി കർഷകർ സമരത്തിലാണ്. 500-ലധികം വരുന്ന കർഷക സംഘടനകൾ സംയുക്തമായാണ് സമരം നടത്തുന്നത്. സമരത്തിന്റെ അടുത്ത ഘട്ടമെന്ന നിലയിൽ സെപ്റ്റംബർ 27 ന് നടക്കുന്ന ഭാരത് ബന്ദിന് സംഘടനയുടെ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. അന്നേ ദിവസം ഉച്ചയ്ക്ക് എല്ലാ യൂണിറ്റുകളിലും ഐക്യദാർഢ്യ വിശദീകരണയോഗം ചേരണമെന്ന് തീരുമാനിച്ചു. ജീവനക്കാർ / ഓഫീസർമാർ / ഏജന്റ്സ് / ഗോൾഡ് അപ്രൈസേഴ്സ് എന്നീ സംഘടനകളുമായി കൂടിയാലോചിച്ച് സംയുക്തമായി സമരം സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു.

**2. KSFE സ്റ്റാഫ് അസോസിയേഷന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ**

1971 ജൂലൈ മാസം 10-ാം തീയതി സ്ഥാപിതമായ സ്റ്റാഫ് അസോസിയേഷന്റെ സുവർണ ജൂബിലി 2022 ജൂലൈ 10 വരെ നീണ്ടുനിൽക്കുന്ന കാലയളവിൽ വിപുലമായ പരിപാടികളോടെ നടത്താൻ തീരുമാനിച്ചു. സംഘടനയുടെ ആസ്ഥാന മന്ദിരം നവീകരിച്ച് ഉദ്ഘാടനം, വെബ്സൈറ്റ് നവീകരിച്ച് ഉദ്ഘാടനം, സെമിനാറുകൾ, കഥാരചന, കവിതാരചന, ലേഖനമെഴുത്ത്, സ്പോർട്സ് മത്സരങ്ങൾ, ക്വിസ് മത്സരം (ജീവനക്കാരുടെ കുട്ടികൾക്ക്), സെമിനാറുകൾ,

സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്, ജില്ലാ പഠന ക്യാമ്പുകൾ, മുൻകാല നേതാക്കളേയും പ്രവർത്തകരെയും ആദരിക്കൽ, തൊഴിലാളി സമ്പർക്ക പരിപാടി തുടങ്ങിയവ സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു.

സുവർണ ജൂബിലി സമ്മേളനം 2022 മാർച്ച് മാസം തിരുവനന്തപുരത്ത് ചേരും. സംഘവേദിയുടെ സുവർണ ജൂബിലി പതിപ്പ് സമ്മേളനത്തിൽ പ്രകാശനം ചെയ്യും. വിശദമായ സംഘടനാചരിത്രം, സ്ഥാപനത്തിന്റെ ചരിത്രം എന്നിവ അനാവരണം ചെയ്യുന്ന സുവർണ ജൂബിലി പതിപ്പിൽ മുൻകാല നേതാക്കളുടെയും മുൻനിര പ്രവർത്തകരുടെയും അനുഭവക്കുറിപ്പുകളും ഉണ്ടായിരിക്കും. സുവർണ ജൂബിലി പതിപ്പ് പ്രസിദ്ധീകരണത്തിന്റെ മുഖ്യ ചുമതലക്കാരായി സ.സുജിത.എസ്.എ, സ.അനിസ്. ഇ.എച്ച്. എന്നിവർ പ്രവർത്തിക്കണമെന്ന് തീരുമാനിച്ചു.

സംഘടന/കാറ്റഗറി വ്യത്യാസമില്ലാതെ സ്ഥിരം/താൽക്കാലിക ജീവനക്കാർക്കും ഏജന്റുമാർക്കും അപ്രൈസ്സർമാർക്കും പങ്കെടുക്കാവുന്ന രീതിയിലായിരിക്കും മത്സരങ്ങൾ സംഘടിപ്പിക്കുക.

3. **പ്രവാസി ചിട്ടി സെന്ററിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക**

KSFE യുടെ വികസന ചരിത്രത്തിലെ നാഴികക്കല്ലായ പ്രവാസി ചിട്ടിയുടെയും ഡിജിറ്റൽ ബിസിനസ് സെന്ററിന്റെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ശക്തവും ത്വരിതവുമായ നടപടികൾ ഉണ്ടാകണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. രാഷ്ട്രീയ ശത്രുതയോടെ പ്രതിപക്ഷവും വലതുപക്ഷ മാധ്യമങ്ങളും തകർക്കാൻ ശ്രമിച്ച പദ്ധതിയാണ് പ്രവാസി ചിട്ടി. എന്നാൽ കോവിഡ് പ്രതിസന്ധിയിലും ശക്തമായ മുന്നേറ്റമാണ് ഡിജിറ്റൽ ബിസിനസ് സെന്റർ നടത്തിയത്. KSFE യുടെ ലാഭത്തിൽ ഇപ്പോൾ ഗണ്യമായ സംഭാവന നൽകുന്നത് പ്രവാസി ചിട്ടിയാണ്.

എന്നാൽ വർദ്ധിച്ചു വരുന്ന ബിസിനസിന് ആനുപാതികമായി സ്റ്റാഫിനെ നിയമിക്കാത്തതും 24 മണിക്കൂർ പ്രവർത്തിക്കുന്ന സെന്ററിൽ ഷിഫ്റ്റ് സമ്പ്രദായം എടുത്തു കളഞ്ഞതും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയാണ്. അമിത ജോലിഭാരം മൂലം ജീവനക്കാർ ബുദ്ധിമുട്ടുകയാണ്. ഇടപാടുകാർക്ക് മികച്ച സേവനം നൽകാൻ കഴിയാത്ത സ്ഥിതിയാണ്. അടിയന്തിരമായി ജീവനക്കാരെ നിയമിച്ചുകൊണ്ട് ഡിജിറ്റൽ ബിസിനസ് സെന്ററിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. ഡിജിറ്റൽ ബിസിനസ് സെന്ററിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് സംഘടന നൽകിയ ക്രിയാത്മകമായ നിർദ്ദേശങ്ങളിൽ തുടർ നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

4. **1/14 സർക്കാർ ഉത്തരവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്**

പ്രസ്തുത കേസിൽ സർക്കാരിന്റെ വിശദമായ സത്യവാങ്മൂലം നൽകണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്രയുംവേഗം സത്യവാങ്മൂലം നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

5. **Pay Roll വൈകുന്ന പ്രശ്നം അടിയന്തിരമായി പരിഹരിക്കണമെന്ന ആവശ്യം**

സ്ഥിരമായി Pay Roll വൈകുന്നത് ജീവനക്കാർക്ക് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുകയാണ്. പ്രത്യേകിച്ചും PTS ജീവനക്കാരെ ഇത് വളരെയധികം ബാധിക്കുകയാണ്. HRMS-ലെ സാങ്കേതിക പ്രശ്നം അടിയന്തിരമായി പരിഹരിച്ച് ശമ്പളത്തീയതിയുടെ തലേദിവസം Pay Roll ലഭ്യമാകുന്ന നടപടിയുണ്ടാകണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

6. **By Transfer പ്രമോഷനിലൂടെയും അല്ലാതെയും ഓഫീസ് അറ്റന്റന്റ്, അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രമോഷൻ ലഭിച്ച ജീവനക്കാരുടെ സർവ്വീസ് പ്രവേശന തീയതി HRMS–ൽ ശരിയായി രേഖപ്പെടുത്തണമെന്ന ആവശ്യം**

PTS തസ്തികയിൽ നിന്നും OA തസ്തികയിലേക്കും OA യിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്കും ബൈ ട്രാൻസ്ഫർ നേടിയ ജീവനക്കാരുടെ സർവ്വീസ് പ്രവേശന തീയതി പ്രമോഷൻ കിട്ടിയ തസ്തികയിൽ പ്രവേശിച്ച തീയതിയായാണ് HRMS-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പരിശോധിച്ച് അവർ സർവ്വീസിൽ പ്രവേശിച്ച തീയതി തന്നെ HRMS–ൽ രേഖപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

7. **PTS ആയി സർവ്വീസിൽ പ്രവേശിച്ചതിനു ശേഷം പ്രമോഷൻ നേടി റിട്ടയർ ചെയ്യുന്നവരുടെ ഗ്രാറ്റുവിറ്റി കണക്കുകൂട്ടുന്നതിൽ അപാകതയുണ്ടെന്ന ആക്ഷേപം പരിശോധിക്കണമെന്ന ആവശ്യം**

ഈ വിഭാഗം ജീവനക്കാരുടെ ഗ്രാറ്റുവിറ്റി തുക നൽകുന്നത് KSR ചട്ടപ്രകാരമല്ല എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. ഇവർ രേഖാമൂലം പരാതി മാനേജ്മെന്റിന് നൽകിയിട്ടുമുണ്ട്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ചട്ടപ്രകാരം ഗ്രാറ്റുവിറ്റി തുക അനുവദിക്കണെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

8. **ഓഫീസുകൾ വനിതാ സൗഹൃദമാക്കി നവീകരിക്കുക**

ലിംഗനീതി അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് കുടുംബത്തിനുള്ളിൽ തന്നെ സ്ത്രീ പുരുഷ സമത്വം ഉറപ്പുവരുത്തണമെന്നാണ് കേരളത്തിന്റെ മുഖ്യമന്ത്രി സ.പിണറായി വിജയൻ പ്രസ്താവിച്ചത്. ഗാർഹികജോലികൾ, ശിശു പരിപാലനം എന്നിവ സ്ത്രീകൾ മാത്രം ചെയ്യേണ്ടതാണെന്ന ധാരണ തിരുത്തണമെന്നും 'സമം' പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് സഖാവ് പ്രസ്താവിക്കുകയുണ്ടായി. മാത്രമല്ല ലിംഗനീതി ഉറപ്പുവരുത്തുന്ന നടപടികളിലേക്കും സർക്കാർ കടക്കുകയാണ്. ഈ സാഹചര്യത്തിൽ ജീവനക്കാരിൽ മഹാഭൂരിപക്ഷവും സ്ത്രീകളായ KSFE യുടെ ഓഫീസുകൾ വനിതാ സൗഹൃദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

സ്ത്രീ ജീവനക്കാർക്ക് പ്രത്യേകം റിട്ടയറിംഗ് റൂം, പ്രത്യേകം ടോയ്‌ലെറ്റ് എന്നിവ ഉറപ്പുവരുത്താൻ മാനേജ്മെന്റ് നടപടി സ്വീകരിക്കണം. എല്ലാ ഓഫീസുകളിലും നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനേറ്ററും സ്ഥാപിക്കണമെന്ന സാമൂഹ്യനീതി വകുപ്പിന്റെ നിർദ്ദേശം KSFE യിൽ അടിയന്തിരമായി നടപ്പാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

9. **മൈക്രോ ശാഖകൾ ആരംഭിക്കാനുള്ള ബഹു: ധനകാര്യവകുപ്പ് മന്ത്രിയുടെ നിർദ്ദേശം അഭിനന്ദനീയം**

സ്ഥാപനത്തിന്റെ അടിത്തറ വിപുലപ്പെടുത്തുന്നതിനും കൂടുതൽ സാധാരണ ജനങ്ങളിലേയ്ക്ക് സ്ഥാപനത്തിന്റെ പ്രവർത്തനം എത്തുന്നതിനും സഹായകരമായ പ്രസ്തുത നിർദ്ദേശം എത്രയും വേഗം നടപ്പിൽ വരുത്തണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

10. **ത്രിപുര ഐക്യദാർഢ്യ ഫണ്ട്**

എല്ലാ ജനാധിപത്യ മര്യാദകളും ലംഘിച്ചുകൊണ്ട് ഭരണകൂടത്തിന്റെ പിന്തുണയോടെ വ്യാപകമായ അക്രമവും കൊള്ളിവയ്പുമാണ് ത്രിപുരയിൽ അരങ്ങേറുന്നത്. തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ ഓഫീസുകളും പ്രവർത്തകരുടെ വീടുകളും സ്വത്തുവകകളും കൊള്ളയടിക്കപ്പെടുകയാണ്. നിഷ്ഠൂര അക്രമത്തിനെതിരെ അതിശക്തമായ പ്രതിഷേധം ഉയർന്നുവരികയാണ്. സംഘപരിവാർ സംഘടനകളാണ് അക്രമത്തിന്റെ ആസൂത്രകർ. അക്രമത്തിന് വിധേയരായ തൊഴിലാളി കുടുംബങ്ങളെ സഹായിക്കുന്നതിന് വേണ്ടി ഓരോ അംഗവും 100/- രൂപ ക്രമത്തിൽ സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. സെപ്റ്റംബർ 20–ാം തീയതിയാണ് ഫണ്ട് സമാഹരണം നടത്തുന്നത്.

11. **KSFE ഓഫീസേഴ്സ് യൂണിയൻ 16–ാം സംസ്ഥാന സമ്മേളനം വിജയിപ്പിക്കുക**

ഓഫീസേഴ്സ് യൂണിയന്റെ സംസ്ഥാന സമ്മേളനം 2021 ഒക്ടോബർ 2, 3 തീയതികളിലായി എറണാകുളത്ത് ചേരുകയാണ്. സമ്മേളനത്തോടനുബന്ധിച്ച് ആനുകാലിക രാഷ്ട്രീയ സാമ്പത്തിക സാഹചര്യങ്ങളെ വിലയിരുത്തുന്ന വെബിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സമ്മേളനവും അനുബന്ധ പരിപാടികളും വിജയിപ്പിക്കണമെന്ന് തീരുമാനിച്ചു.

12. **അഫ്ഗാൻ പ്രശ്നം : സ.എളമരം കരീം MP യുടെ ഫെയ്സ്ബുക്ക് പേജ് പ്രഭാഷണം (19-9-2021 ഞായർ രാത്രി 7.30 ന്)**

അഫ്ഗാനിൽ താലിബാൻ വീണ്ടും അധികാരം പിടിച്ചെടുത്ത സാഹചര്യത്തിൽ അഫ്ഗാനിസ്ഥാൻ സ്ഥിതിഗതികളെ സസൂക്ഷ്മം വിലയിരുത്തുന്ന പ്രഭാഷണം സംഘടിപ്പിക്കാൻ തീരുമാനിച്ചു. എല്ലാ അംഗങ്ങളും കുടുംബസമേതം തത്സമയം സഖാവിന്റെ പ്രഭാഷണം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

13. **കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് സമയബന്ധിതമായി നടക്കാത്തത് കസ്റ്റർ സർവ്വീസിനെ പ്രതികൂലമായി ബാധിക്കുന്നു.**

കമ്പ്യൂട്ടറുകളുടെയും പ്രിന്റർ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളുടെയും AMC സമയബന്ധിതമായി നടക്കുന്നില്ല. മുൻകാലങ്ങളിൽ പരാതി GLPI യിൽ രജിസ്റ്റർ ചെയ്താൽ 24 മണിക്കൂറിനകം AMC എടുത്ത കമ്പനിയുടെ സ്റ്റാഫ് എത്തി പ്രശ്നപരിഹാരം കാണുമായിരുന്നു. ഇപ്പോൾ ദിവസങ്ങൾ കഴിഞ്ഞ് HO യിൽ അറിയിച്ചാൽ മാത്രമേ സ്റ്റാഫ് വരികയുള്ളൂ എന്ന സ്ഥിതിയായിരിക്കുന്നു. വന്നാലും എന്തെങ്കിലും പാർട്ട്സ് കംപ്ലയിന്റ് പറഞ്ഞ് അവ എടുത്തുകൊണ്ടു പോകുകയോ ബ്രാഞ്ചിൽ നിന്ന് അവർ പറയുന്ന സ്ഥലത്തേയ്ക്ക് കൊറിയർ ചെയ്യാൻ പറഞ്ഞിട്ട് പോകുകയോ ആണ് ചെയ്യുന്നത്. പ്രശ്നപരിഹാരം ഉണ്ടാകുന്നില്ല. കസ്റ്റമർ സർവ്വീസിനെ ഇത് പ്രതികൂലമായി ബാധിക്കുന്നു. ഈ വിഷയം അടിയന്തിരപ്രാധാന്യം നൽകി പരിഹരിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

പഴയ കമ്പ്യൂട്ടറുകളും പ്രിന്ററുകളും യു.പി.എസ്./ബാറ്ററി എന്നിവയും മാറ്റി പുതിയവ സ്ഥാപിക്കണമെന്നും ചില ശാഖകളിൽ Casba യ്ക്ക് സെക്കന്ററി കണക്ഷൻ മാത്രമേയുള്ളൂവെന്ന പ്രശ്നം പരിഹരിക്കണമെന്നും മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

14. ജില്ലാ കമ്മിറ്റി യോഗങ്ങൾ ചുമതലയുള്ള സംസ്ഥാന ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ 25-09-2021 ന് മുമ്പായി ചേരണമെന്ന് തീരുമാനിച്ചു.

അഭിവാദനങ്ങളോടെ,

**എസ്.മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
മൊബൈൽ : 9446538432

കൊല്ലം,
16- 09 - 2021

GVP Blpm/2400516